**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51** **06-12-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ ഏൽപ്പിക്കുന്ന ആഘാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ആഭ്യന്തര കൽക്കരി ക്ഷാമം മറികടക്കുന്നതിനായി ഇറക്കുമതി കൽക്കരി ഉപയോഗിക്കണമെന്ന താപ വൈദ്യുത നിലയങ്ങൾക്കുള്ള കേന്ദ്ര നിബന്ധന സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കോവിഡ് കാലഘട്ടത്തിനു ശേഷം ഉണ്ടായ അധിക വൈദ്യുതി ആവശ്യകതക്ക് അനുസരിച്ച് ഉത്പാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ ഉണ്ടായ പ്രതിസന്ധി മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28-4-2022ലെ കത്ത് പ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാൻ ഉത്പാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. കൽക്കരി ലഭ്യതയിൽ പുരോഗതി ഉണ്ടാവാത്തതിനാൽ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 26-7-2022ലെ ഉത്തരവ് പ്രകാരം ഇറക്കുമതി ചെയ്ത കൽക്കരി 20% വരെ ഉപയോഗിക്കാൻ ഉത്പാദകർക്ക് അനുവാദം നൽകുകയും കൂടാതെ എനർജി ചാർജ് വർദ്ധനവ് പരിമിത പ്പെടുത്താൻ വിതരണ കമ്പനികൾക്ക് അവകാശം നൽകുന്ന CERC റെഗുലേഷൻ 43 (3) മരവിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വൈദ്യുതി ഉല്പാദനനിലയങ്ങൾ വിലകൂടിയ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കുകയും തൽഫലമായി എനർജി ചാർജ് കൂടി വരുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു. 2022 മാർച്ച് മുതൽ 2022 ഓഗസ്റ്റ് വരെയുള്ള കേന്ദ്ര താപ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ എനർജി ചാർജ് വർദ്ധന യൂണിറ്റ് ഒന്നിന് ശരാശരി 1.90 രൂപയാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ഇത്തരം നിബന്ധനകൾ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ ഏൽപ്പിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനായി ഉല്പാദനം കൂട്ടുന്നതിനും വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. നിലവിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ മുഖ്യപങ്കം സംസ്ഥാന ത്തിന് പുറത്തുള്ള താപവൈദ്യുതി നിലയങ്ങളിൽ - പ്രധാനമായും കൽക്കരി അധിഷ്ഠിത നിലയങ്ങളിൽ നിന്നും – ആണ് കണ്ടെത്തുന്നത്. ഒരു സ്രോതസ്സിനെയോ, ഇന്ധനത്തിനെയോ മാത്രമായി കൂടുതലായി ആശ്രയിക്കുന്നത് ഊർജ്ജ സുരക്ഷയെ പ്രതികൂലമായി ബാധിക്കാം എന്നത് ഉത്പാദന നിലയങ്ങൾ തിരഞ്ഞെടുക്കു മ്പോൾ ശ്രദ്ധിക്കാറുണ്ട്.<br><br>കൽക്കരിക്ഷാമം പോലെയുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുന്ന ആഘാതം കുറയ്ക്കുന്നതിന് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കേണ്ടതുമുണ്ട്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ 3000 MW ഉത്പാദനശേഷി കൂട്ടിച്ചേർക്കാൻ ആണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. നിലവിൽ 210 MW ശേഷിയുടെ ജലവൈദ്യുതപദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 87 MWന്റെ പദ്ധതികൾ ഉടൻ നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു. കൂടാതെ 800 MW |

| | | | |
|---|---|---|---|
| | | | ശേഷിയുമായി ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി, 210 MW ശേഷിയുള്ള പൂയംകുട്ടിപദ്ധതി, 240 MW ശേഷിയുള്ള ലക്ഷ്മി പദ്ധതി എന്നിവ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. സൗരോർജ്ജ നിലയങ്ങളിൽ നിന്നും 2325 MWഉം, കാറ്റാടി നിലയങ്ങളിൽ നിന്നും 354 MWഉം 2027ഓടുകൂടി കൂട്ടിച്ചേർക്കാൻ സാധിക്കും.<br><br>ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്തുന്നതിനോടൊപ്പം പ്രസരണ വിതരണ ശൃംഖല ശക്തിപെടുത്തുന്നതിനും നവീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വൈദ്യുതി പ്രസരണ രംഗം കാര്യക്ഷമമാക്കുന്നതിനും പ്രസരണ നഷ്ടം കുറക്കുന്നതിനുമായി ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിനും, വരുന്ന 25 വർഷത്തെ പ്രസരണ ആവശ്യകത നിറവേറ്റുന്നതിനും, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും, ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും കഴിയും. വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും വിതരണ നഷ്ടം കുറയ്ക്കുന്നതിനും ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് ദ്യുതി.<br><br>പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 110 കെ വി യും അതിനു മുകളിലുമുള്ള സബ്സ്റ്റേഷനുകളുടെ നിർ മ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും ഉയർന്ന വോൾട്ടേജ് നിലവാരത്തിലേക്ക് ഉയർത്തൽ, ശരിയായ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ സബ്സ്റ്റേഷനുകളിൽ സ്ഥാപിക്കുക, നഷ്ടം കുറവുള്ള വൈദ്യുതി ലൈനുകൾ ഉപയോഗിക്കുക തുടങ്ങിയ പ്രവൃത്തികളാണ് കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കി വരുന്നത്. വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 400/220 kV പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ പദ്ധതിയും നടപ്പിലാക്കി വരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരമുള്ള പ്രസരണ ശ്രൃംഖല നിലവിൽ വരുന്നതോടുകൂടി പ്രസരണ നഷ്ടത്തിൽ ഏകദേശം 107 MW ന്റെ കുറവ് വരും എന്നാണ് കണക്കാക്കുന്നത്. |
| (സി) | സംസ്ഥാനത്ത് പകലും രാത്രിയും വൈദ്യുതി ഉപയോഗത്തിന് വ്യത്യസ്ത നിരക്ക് ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | വൈദ്യുതി നിയമം, 2003 ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷ നിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് പരിഷ്കരിക്കണമെങ്കിലോ, ബില്ലിങ് രീതികളിൽ മാറ്റം വരുത്തുന്നതിനോ, വൈദ്യുതി നിയമം 2003-ലെ 61-ാം വകുപ്പ് പ്രകാരം കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ-2021 പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ്, താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, കമ്മീഷൻ മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ വൈദ്യുതി നിയമം -2003 ദേശീയ വൈദ്യുതി നിയമം -2016, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണയ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് വ്യക്തമായ പരിശോധന നടത്തി, പൊതുജനാഭിപ്രായം കൂടി കണക്കിലെടുത്താണ് റെഗുലേറ്ററി കമ്മീഷൻ, താരിഫിലോ ബില്ലിങ് രീതിയിലോ മാറ്റം വരുത്തുന്നത്. പകലും രാത്രിയും വൈദ്യുതി |

ഉപഭോഗത്തിന് വ്യത്യസ്തമായ നിരക്കുകൾ നിലവിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് പ്രത്യേക സമയങ്ങളിൽ വ്യത്യസ്ത വില നിർണ്ണയം, (differential pricing), EHT, HT (2001മുതൽ) കൂടാതെ LT വിഭാഗത്തിൽ 500 യൂണിറ്റിന് മുകളിൽ പ്രതിമാസം ഉപഭോഗം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും 20 kW- ന മുകളിൽ കണക്ടഡ് ലോഡുള്ള വ്യാവസായിക സ്ഥാപനങ്ങൾക്കുമാണ് (2013 മുതൽ) (റെയിൽവേ ട്രാക്ഷൻ, വാട്ടർ അതോറിറ്റി പമ്പിങ് ഒഴികെ) നടപ്പി ലാക്കിയിട്ടുള്ളത്.

മേൽ വിഭാഗത്തിൽപെടുന്നവരുടെ വൈദ്യുതി ഉപയോഗത്തിന് സമയക്രമ മനുസരിച്ച് വ്യത്യസ്ത നിരക്കുകളിലുള്ള ചാർജ്ജ് ഈടാക്കി വരുന്നതാണ്.

ToD (Time of Day) സമ്പ്രദായം. ഇത് പ്രകാരം ഒരു ദിവസത്തെ 3 ടൈം സോണുകളായി തിരിച്ചാണ് ബില്ല് ചെയ്തു വരുന്നത്.

a. നോർമൽ സോൺ (6 AM to 6 PM)

b. പീക്ക് ടൈം സോൺ (6 PM to 10 PM)

c. ഓഫ് പീക്ക് സോൺ (10 PM to 6 AM)

LT വ്യവസായം HT, EHT ഉപഭോക്താക്കൾ, ഗാർഹിക ഉപഭോക്താക്കൾ എന്നിവയുടെ ToD താരിഫ് താഴെ പറയുന്ന പ്രകാരമാണ്.

| **LT വ്യവസായം HT, EHT ഉപഭോക്താക്കൾ** | | |
|---|---|---|
| **സാധാരണ സമയം**<br>(രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ) | **പീക്ക് സമയം**<br>(വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ) | **ഓഫ് പീക്ക് സമയം**<br>(രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെ) |
| സാധാരണ ഉപഭോക്താക്കളുടെ നിരക്ക് | സാധാരണ നിരക്കിന്റെ 150% | സാധാരണ നിരക്കിന്റെ 75% |
| **ഗാർഹിക ഉപഭോക്താക്കൾ** | | |
| സാധാരണ ഉപഭോക്താക്കളുടെ നിരക്ക് | സാധാരണ നിരക്കിന്റെ 120% | സാധാരണ നിരക്കിന്റെ 90 % |

എന്നാൽ രാജ്യത്ത് സോളാർ നിലയങ്ങളിൽ നിന്നുള്ള ഉത്പാദനം ഗണ്യമായി വർധിച്ചതിനാലും, സംസ്ഥാനത്ത് പകൽ സമയത്ത് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായി തുടങ്ങിയതിനാലും സംസ്ഥാനത്തെ ഉപഭോക്താക്കൾ വ്യാപകമായി സൗര നിലയങ്ങൾ സ്ഥാപിക്കുന്നതു മൂലം ബോർഡിനുണ്ടാകുന്ന ഭീമമായ സാമ്പത്തിക ബാധ്യത കണക്കിലെടുത്തും മേൽ സൂചിപ്പിച്ച നിരക്കുകളിൽ നേരിയ തോതിലുള്ള മാറ്റങ്ങൾ വരുത്തുന്നതിനെ കുറിച്ച് സമഗ്രമായ അപഗ്രഥനം നടത്തി

| | | | |
|---|---|---|---|
| | | | ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകുന്നതിനായി ബോർഡിന് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ